LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ വിതരണത്തിനായി മാത്രം സർക്കാർ ധനസഹായം നൽകിവരുന്നില്ല. അതേ സമയം കോർപ്പറേഷന്റെ പ്രവർത്തന ചെലവുകൾക്കായി സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം നോൺ പ്ലാൻ ഇനത്തിൽ 150 കോടി രൂപ പ്രവർത്തനമൂലധന വായ്പയായി കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) കോർപ്പറേഷൻ നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയാണ് നേരിടുന്നത്. പ്രതിമാസ വരുമാനത്തിൽനിന്നും പെൻഷൻ കൊടുക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ് പൂർണ്ണമായി നടപ്പാക്കുന്ന മുറയ്ക്കും സാമൂഹ്യ സുരക്ഷാ സെസിൽനിന്നുള്ള അധിക വരുമാനത്തിലൂടെയും ഈ സ്ഥിതി മെച്ചപ്പെടുത്താനാകുമെന്ന് കരുതുന്നു.

കെ.എസ്.ആർ.ടി.സി. സൂപ്പർ -ലക്ഷ്വറി ബസുകൾ

339 (2214) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ആരംഭിക്കുന്ന സൂപ്പർ-ലക്ഷ്വറി ബസുകൾ എന്നുമുതൽ നിരത്തിലിറക്കുമെന്ന് വിശദമാക്കുമോ ; ഏതൊക്കെ ഡിപ്പോകളിൽ നിന്നാണ് ബസ് സർവ്വീസ് ആരംഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ആർ.ടി.സി.- യിൽ എത്ര ആളുകൾക്ക് നിയമനം നൽകി ; ഇതിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും എത്രയാളുകൾക്ക് നിയമനം നൽകി ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 150 എയർ സസ്പെൻഷൻ സൂപ്പർ ഡീലക്സ് ബസുകൾ വാങ്ങുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു. നടപടികൾ പൂർത്തീകരിച്ച് പർച്ചേസ്, ബോഡി ബിൽഡിംഗ് മുതലായവ പൂർത്തിയാക്കി നിരത്തിലിറക്കാൻ കഴിയുമെന്ന് കരുതുന്നു. ഏതെല്ലാം ഡിപ്പോകളിൽ നിന്നാണ് സർവ്വീസ് ആരംഭിക്കുന്നതെന്ന് തീരുമാനമായിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യിൽ 15524 ആളുകൾക്ക് നിയമനം നൽകിയിട്ടുണ്ട്. ഇതിൽ പി.എസ്.സി.-യിൽനിന്നും 12747 ആളുകൾക്ക് നിയമനം നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്